**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 108** **27-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ റെയിൽവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു, ശ്രീ കടകംപള്ളി സുരേന്ദ്രൻ, ശ്രീ. ടി.ഐ.മധുസൂദനൻ, ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri.V. Abdurahiman (കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ചർച്ച നടത്താമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചർച്ചയിൽ സംസ്ഥാനം ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന മുഖ്യ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും, സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും, ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും 13.07.2021, 14.07.2021 തീയതികളിൽ ചർച്ച നടത്തിയിരുന്നു. പാത ഇരട്ടിപ്പിക്കൽ, പുതിയ പാതകളുടെ നിർമ്മാണം, സിൽവർ ലൈൻ പദ്ധതി തുടങ്ങിയവ പ്രസ്തുത ചർച്ചയുടെ അജണ്ടയിൽ ഉൾപ്പെട്ടിരുന്നു ചീഫ് സെക്രട്ടറി റെയിൽവേ അധികൃതരുമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന തുടർചർച്ചയിൽ ഉന്നയിക്കാൻ ഉദ്ദേശിച്ചിട്ടുള്ള മുഖ്യ ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു: സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ പാത) - പദ്ധതിക്കായി റെയിൽവേ മന്ത്രാലയത്തിൽ നിന്നുമുള്ള അനുമതിയും കേന്ദ്ര സർക്കാർ അനുമതിയും എത്രയും പെട്ടെന്ന് ലഭിക്കേണ്ടതുണ്ട്. തലശ്ശേരി - മൈസൂർ റെയിൽ പാത - പ്രസ്തുത പാതക്ക് വനഭൂമി ഒഴിവാക്കി നിർദ്ദേശിച്ച അലൈൻമെന്റിന് റെയിൽവേ മന്ത്രാലയത്തിൽ നിന്നുമുള്ള അനുമതിയും കർണാടക സർക്കാരിൽ നിന്നുമുള്ള അനുമതിയും എത്രയും പെട്ടെന്ന് ലഭിക്കേണ്ടതുണ്ട്. നിലമ്പൂർ - നഞ്ചൻകോട് റെയിൽ പദ്ധതി - പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഇപ്പോൾ നിർദ്ദേശിച്ച വിന്യാസമനുസരിച്ച് തലശ്ശേരി മൈസൂർ പദ്ധതിക്ക് അനുമതി കിട്ടിയാൽ മാത്രമെ ഈ പദ്ധതിയുമായി മുമ്പോട്ട് പോകുവാൻ സാധിക്കുകയുള്ളൂ. ആയതിൽ തലശ്ശേരി മൈസൂർപദ്ധതിക്കുള്ള റെയിൽവേ മന്ത്രാലയത്തിൽ നിന്നുമുള്ള അനുമതിയും കർണാടക സർക്കാരിൽ നിന്നുമുള്ള അനുമതിയും എത്രയും പെട്ടെന്ന് ലഭിക്കേണ്ടതുണ്ട്. അങ്കമാലി - ശബരി റെയിൽവേ |

| | | | |
|---|---|---|---|
| | | | ലൈൻ - പ്രസ്തുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചിലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് സ.ഉ(കൈ) നം. 1/2021/ഗതാഗതം തീയതി 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിൽ പദ്ധതി ഘനീഭവിപ്പിച്ചിരിക്കുന്ന നടപടി പിൻവലിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് റെയിൽവെ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എറണാകുളം മാർഷലിംഗ് യാർഡ് വികസനം - പ്രസ്തുത പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് പൂർത്തീകരിച്ച് ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | സംസ്ഥാനം പകുതി ചെലവ് വഹിക്കണമെന്ന് കേന്ദ്ര സർക്കാൻ നിർദ്ദേശിച്ചിട്ടുള്ള ശബരി റെയിൽപാത യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (ബി) | അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ്. റെയിൽവേ ബോർഡിന്റെ നിർദ്ദേശ പ്രകാരം പദ്ധതി ചിലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് സ.ഉ(കൈ) നം. 1/2021/ഗതാഗതം തീയതി 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിട്ടുണ്ട്. പ്രസ്തുത തീരുമാനം മെമ്പർ, എൻജിനിയറിംഗ് റെയിൽവേ ബോർഡിന്റെ അറിവിലേക്കും തുടർ നടപടികൾക്കായും അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സംസ്ഥാന റെയിൽ വകുപ്പ മന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുമുള്ള മറുപടി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു |
| (സി) | തലശ്ശേരി-മൈസൂർ പാതയ്ക്ക് വനഭൂമി ഒഴിവാക്കി പുതിയ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കുകയും റെയിൽവേ ബോർഡിനു സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ, കൺസൾട്ടൻസിയായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ സർവ്വെ പ്രവർത്തികളും മറ്റ് പ്രവർത്തനങ്ങളും പുരോഗമനഘട്ടത്തിലാണ്. കർണാടക ഭാഗത്തുള്ള അലൈൻമെന്റിനു പ്രദേശവാസികളുടെ എതിർപ്പ് കണക്കിലെടുത്ത്, കർണാടക സർക്കാർ എതിർപ്പ് ഉന്നയിച്ചിരുന്നു. അതിനാൽ കർണാടക വഴിയുള്ള അലൈൻമെൻറ് പുതുക്കിയിട്ടുണ്ട്. നിർദ്ദിഷ്ട പുതിയ വിന്യാസം ഏതെങ്കിലും വനമേഖലയിലൂടെ കടന്നുപോകുകയോ ഏതെങ്കിലും സെൻസിറ്റീവ് പ്രദേശത്തെ ബാധിക്കുകയോ ചെയ്യുന്നില്ല. ഇതുമായി ബന്ധപ്പെട്ട് പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം കർണാടക സർക്കാരിൽ നിന്നും റെയിൽവേയിൽ നിന്നും |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനായി ചർച്ചകളും കത്തിടപാടുകളും നടത്തി വരുന്നു. കർണാടക സർക്കാരിൽ നിന്നുമുള്ള അനുമതി ഉടൻ പ്രതീക്ഷിക്കുന്നു. തലശ്ശേരി - മൈസൂർ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വേ അനുമതിക്കായി ബഹു.മുഖ്യമന്ത്രി, കർണാടക മുഖ്യമന്ത്രിക്ക് കത്തയക്കുകയുണ്ടായി. ഇതിനു പുറമെ തുടർച്ചയായി റെയിൽവേ മന്ത്രാലയത്തിൽ നിന്നും കർണാടക സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിനും കേന്ദ്ര റെയിൽവേ വകുപ്പു മന്ത്രിക്കു കത്തയക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ